"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ആലപ്പുഴ സർക്കാർ ടി.ഡി. മെഡിക്കൽ കോളേജ്- ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ. വി. രാമചന്ദ്രൻ ഫയൽ ചെയ്ത W.A.1325/2024 കേസിലെ 12/09/2024-ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1614/2025/H&FWD തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(c) 19703/2024 കേസിലെ 30/05/2024-ലെ വിധിന്യായം.
2. ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.A.1325/2024 കേസിലെ 12/09/2024-ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

ആലപ്പുഴ ടി ഡി സർക്കാർ മെഡിക്കൽ കോളേജിന്റെ സ്ഥാപകൻ എന്ന നിലയിൽ അംഗീകരിക്കപ്പെടേണ്ടത് ശ്രീ എൻ. വി. പ്രഭുവാണോ ശ്രീ. കെ. നാഗേന്ദ്രപ്രഭുവാണോ എന്നത് സംബന്ധിച്ച് രണ്ടു വ്യക്തികളുടെയും പിൻതലമുറക്കാർ തമ്മിലുള്ള തർക്കം ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ എത്തുകയും ബഹു. ഹൈക്കോടതി മുൻപാകെ W.P.(c) 19703/2024 എന്ന കേസ് ഫയൽ ചെയ്യപ്പെടുകയും ഉണ്ടായി. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി 30/05/2024 ൽ പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ ശ്രീ. വി. രാമചന്ദ്രനും ശ്രീ. വി. ഗിരീശനും ഫയൽ ചെയ്ത W.A.1325/2024 അപ്പീൽ പെറ്റീഷനിൽ ബഹു.ഹൈക്കോടതി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ബന്ധപ്പെട്ട വ്യക്തികളെ നേരിൽ കേട്ട് 3 മാസത്തിനകം തീരുമാനം കൈക്കൊള്ളുന്നതിനു ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

*"...we now direct the Government to take a final call on this aspect as to whether any individual should be identified as a founder of TD Medical College or not and if so, on what basis. We direct the second respondent to consider the matter after hearing all concerned including the family of N.V. Prabhu as well as K Nagendra Prabhu and the eighth respondent- K Nagendra Prabhu Foundation. Appropriate decision shall be taken within a period of three months".*

2.ബഹു ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളായ ശ്രീ. വി. രാമചന്ദ്രൻ, ശ്രീ. വി.ഗിരീശൻ, ശ്രീ. ജി. നാഗേന്ദ്രപ്രഭു (നാഗേന്ദ്രപ്രഭു ഫൌണ്ടേഷൻ സെക്രട്ടറി) ശ്രീമതി.സുജാത കാമത്ത് (നാഗേന്ദ്രപ്രഭു ഫൌണ്ടേഷൻ ചെയർപേഴ്സൺ) എന്നിവരെ

ചുമതലപ്പെടുത്തിയ പ്രകാരം 19/02/2025-ന് ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി . മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും ആലപ്പുഴ സർക്കാർ ടി.ഡി. മെഡിക്കൽ കോളേജിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രസ്തുത ഹിയറിങ്ങിൽ പങ്കെടുക്കുകയുണ്ടായി.

3.കേസിന് ആസ്പദമായ വസ്തുതകൾ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ ബോധിപ്പിച്ച കാര്യങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ആലപ്പുഴ ടി ഡി മെഡിക്കൽ കോളേജിന്റെ ഗോൾഡൻ ജൂബിലി സെലിബ്രേഷനുമായി ബന്ധപ്പെട്ട് 2013ൽ കെ. നാഗേന്ദ്ര പ്രഭുവിന്റെ ഛായാചിത്രം ഫൗണ്ടർ ഓഫ് ടിഡി മെഡിക്കൽ കോളേജ് എന്ന അടിക്കുറിപ്പോടെ അനാച്ഛാദനം ചെയ്തതുമായി ബന്ധപ്പെട്ടാണ് നിലവിലെ തർക്കങ്ങൾ ആരംഭിക്കുന്നത്. കേരളത്തിൽ സ്വകാര്യമേഖലയിൽ ആദ്യമായി ആരംഭിച്ച മെഡിക്കൽ കോളേജ് ആണ് ആലപ്പുഴ ടി.ഡി മെഡിക്കൽ കോളേജ് ഇപ്രകാരം സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ഇടയാക്കിയ കാരണം എൻ വി പ്രഭു തന്റെ സുഹൃത്തിന്റെ മകന് മണിപ്പാൽ മെഡിക്കൽ കോളേജിൽ അഡ്മിഷനുവേണ്ടി സമീപിച്ചപ്പോൾ ഉണ്ടായ ബുദ്ധിമുട്ടും അതിൽ നിന്നുണ്ടായ ചിന്തയും ആണെന്നും ജേണലിസ്റ്റ് ആയിരുന്ന തങ്ങളുടെ പിതാവ് ഈ വിഷയം തന്റെ സുഹൃത്‌വലയത്തിലുള്ളവരുമായി ചർച്ച ചെയ്തതിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നതിൽ നിന്നാണെന്നും അതിനാൽ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സ്ഥാപകനായി പ്രഖ്യാപിക്കേണ്ടത് തങ്ങളുടെ പിതാവായ എൻ വി പ്രഭുവിനെയാണെന്ന് നിരവധി രേഖകളും ഫോട്ടോകളും നിരത്തി കക്ഷികളായ ശ്രീ വി രാമചന്ദ്രനും ശ്രീ ഗിരീശനും ആവശ്യപ്പെടുകയുണ്ടായി.

4.ആലപ്പുഴ മെഡിക്കൽ കോളേജ് ആലപ്പുഴ അനന്തനാരായണപുരം തുറവൂർ തിരുമല ദേവസ്വം ദിവസത്തിന്റെ (AATTD) നിയന്ത്രണത്തിൽ ആരംഭിച്ചതാണെന്നും 1911 മുതൽ 1965 വരെ ദേവസ്വത്തിന്റെ അംഗവും പ്രസിഡന്റും എന്ന നിലയിൽ കെ. നാഗേന്ദ്ര പ്രഭു പ്രവർത്തിച്ചിരുന്നു എന്നും ആയതിനാൽ തങ്ങളുടെ അപ്പൂപ്പനായ കെ നാഗേന്ദ്ര പ്രഭുവിനെയാണ് ആലപ്പുഴ ടി ഡി മെഡിക്കൽ കോളേജിന്റെ സ്ഥാപകനായി പ്രഖ്യാപിക്കേണ്ടത് എന്ന് നിരവധി രേഖകളും ഫോട്ടോകളും നിരത്തി എതിർകക്ഷികളായ ഡോക്ടർ ജി നാഗേന്ദ്ര പ്രഭുവും ഡോക്ടർ സുജാതകാമത്തും ആവശ്യപ്പെടുകയുണ്ടായി.

5.ഇരുകക്ഷികളും ഹാജരാക്കിയ രേഖകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

(a).ശ്രീ. എൻ.വി.പ്രഭുവിന്റെ ജീവിതകാലം 1915 മുതൽ 2008 വരെ ആയിരുന്നു എന്നും കെ നാഗേന്ദ്ര പ്രഭുവിന്റെ ജീവിതകാലം 1888 മുതൽ 1965 വരെ ആയിരുന്നു എന്നും ഹാജരാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നു.

(b).ശ്രീ എൻ.വി.പ്രഭു കൺവീനറായ മെഡിക്കൽ കോളേജ് കമ്മിറ്റി 31/10/1960 ൽ അന്നത്തെ

ആരോഗ്യവകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട് .

(c).സ്വകാര്യമേഖലയിൽ ആലപ്പുഴയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള 30.8.1961 ലെ G.O(Rt)No. 3459/61/HD എന്ന ഉത്തരവിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത് കെ നാഗേന്ദ്ര പ്രഭുവിന്റെ പ്രസിഡന്റ് മെഡിക്കൽ കോളേജ് കമ്മിറ്റി എന്ന നിലയിലുള്ള 12.8.1961 ലെ കത്താണ് എന്നാൽ ടി ഉത്തരവ് അയച്ചിരിക്കുന്നത് കൺവീനർ, മെഡിക്കൽ കോളേജ് കമ്മിറ്റി, ആലപ്പുഴയുടെ പേർക്കാണ്. മെഡിക്കൽ കോളേജ് കമ്മിറ്റി കൺവീനർ ആയിരുന്നത് ശ്രീ എൻ.വി.പ്രഭു ആണെന്ന് 31.10.1960-ലേതായി ഹാജരാക്കിയിരിക്കുന്ന കത്തിൽ കാണുന്നു.

(d).കോളേജ് നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് വേണ്ടി കേരള കൾച്ചറൽ ആൻഡ് എജ്യുക്കേഷണൽ സൊസൈറ്റി എന്ന സ്ഥാപനം ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം K. നഗേന്ദ്ര പ്രഭു പ്രസിഡന്റായും എൻ.വി.പ്രഭു സെക്രട്ടറിയായും രജിസ്റ്റർ ചെയ്തതായി പരാമർശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. എന്നാൽ കോളേജ് ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവിൽ കേരള കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സൊസൈറ്റി പ്രതിനിധികളെ ചർച്ചയ്ക്ക് വിളിച്ചതായി പരാമർശിക്കുന്നുണ്ട്.

(e).കെ. നാഗേന്ദ്രപ്രഭു തന്റെ എഴുപത്തി ഏഴാം വയസ്സിൽ 2.06.1965- ൽ മരണമടഞ്ഞശേഷം 30.7.1965ൽ കൗൺസിൽ ഡിസോൾവ് ചെയ്യുകയും TD മെഡിക്കൽ കോളേജ് ട്രസ്റ്റിന് രൂപം നൽകുകയും ചെയ്തു എന്നും AATTD പ്രസിഡന്റ് തന്നെയായിരുന്നു ട്രസ്റ്റ് പ്രസിഡന്റ് എന്നും എൻ.വി.പ്രഭു ആയിരുന്നു സെക്രട്ടറി എന്നും പ്രസ്തുത ട്രസ്റ്റിൽ നിന്നും സൊസൈറ്റിയിൽ നിന്നും പബ്ലിക്കിൽ നിന്നും മൂന്നുവീതം അംഗങ്ങളാണ് മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് കൗൺസിലിൽ ഉണ്ടായിരുന്നത് എന്നും പരാമർശിക്കുന്നു. ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടില്ല.

(f).8.8.1962ൽ TDMC അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ രൂപീകരിച്ചതിനുള്ള തെളിവായി കോൺസ്റ്റിറ്റ്യൂഷന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. കൂടാതെ 12.4.1971ലെ G.O(Rt)No. 724/71/HD ഉത്തരവിൽ 26.09.1967ൽ പൊതുജന പ്രതിനിധിയായി മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് കൗൺസിലിൽ മൂന്നു വർഷത്തേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട എൻ.വി.പ്രഭുവിനെ 25.09.1970ൽ term പൂർത്തിയായതിനെ തുടർന്ന് കൗൺസിലിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതായി കാണുന്നു.

(g).കെ. നാഗേന്ദ്ര പ്രഭു നിര്യാതനായ ദിവസത്തെ പത്ര വാർത്തകളിൽ മെഡിക്കൽ കോളേജിന്റെ സ്ഥാപകൻ അദ്ദേഹമാണെന്നും എൻ.വി. പ്രഭു മരിച്ച ദിവസത്തെ പത്രങ്ങളിൽ ടി.ഡി.മെഡിക്കൽ കോളേജിന്റെ സ്ഥാപകൻ അദ്ദേഹമാണെന്നും പരാമർശിക്കുന്നുണ്ട്. പത്ര വാർത്തകൾക്കാധാരം വ്യക്തികൾ നൽകുന്ന വിവരങ്ങൾ ആകയാൽ പത്ര വാർത്തകൾ ആധികാരിക രേഖയായി പരിഗണിക്കാൻ നിർവാഹമില്ലാത്തതാണ്.

(h).മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് ട്രസ്റ്റിന്റെ 30.7.1965 ലെ ആദ്യ യോഗത്തിന്റെ

മിനിട്സ് ഹാജരാക്കിയിട്ടുണ്ട്. ആയതിൽ ട്രസ്റ്റികളിൽ ഒരാളായി എൻ.വി. പ്രഭുവിന്റെ പേര് പരാമർശിക്കുന്നുണ്ട്. പ്രസ്തുത യോഗത്തിലെ മൂന്ന് മാനേജിങ് ട്രസ്റ്റിമാരിൽ ഒരാളായി എൻ.വി.പ്രഭുവിനെ തിരഞ്ഞെടുത്തതായി കാണുന്നു. കൂടാതെ പ്രസ്തുത മിനിറ്റിൽ പരാമർശിക്കുന്ന 8 ട്രസ്റ്റിമാരിൽ വിവിധ ജാതിമത വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർ ഉള്ളതായി കാണുന്നു. പ്രസ്തുത മിനിട്സ് പ്രകാരം മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട പണം ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് എൻ.വി.പ്രഭുവിനെയും മറ്റൊരു മാനേജിങ് ട്രസ്റ്റി ആയി ശ്രീ കേശവപൈയെയും ചുമതലപ്പെടുത്തിയിരുന്നതായി കാണുന്നു. എൻ.വി. പ്രഭു നിർദ്ദേശിച്ച പ്രകാരമാണ് മെഡിക്കൽ കോളേജിന്റെ അഡ്മിനിസ്ട്രേഷൻ, കൺസ്ട്രക്ഷൻ, എക്യുമെന്റ് പർച്ചേസ് മുതലായ കാര്യങ്ങളിൽ മാനേജിങ് ട്രസ്റ്റിമാരെ സഹായിക്കുന്നതിനായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി ടി.ഡി.മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ രൂപീകരിച്ചിട്ടുള്ളത് എന്നും കാണുന്നു. തിരുമല ദേവസ്വം ട്രസ്റ്റ് ആണ് ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ആദ്യ സ്പോൺസർമാർ എന്നതിനാൽ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ജോലികൾ, അഡ്മിഷൻ എന്നിവയ്ക്ക് മുൻഗണന നൽകേണ്ടത് ഗൗഡസാരസ്വത ബ്രാഹ്മിൻ കമ്മ്യൂണിറ്റിക്കും പിന്നീട് ആലപ്പുഴ നിവാസികൾക്കും ആയിരിക്കണമെന്നും മിനിറ്റിൽ പരാമർശിക്കുന്നു.

(i). W.P.(c) No. 2358/2014ൽ ബഹു ഹൈക്കോടതി 21/3/2014- ൽ പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർ പരാതിക്കാരെ നേരിൽകേട്ട് പുറപ്പെടുവിച്ച നടപടി ക്രമത്തിൽ ശ്രീ. കെ.പി. മുഹമ്മദ് ഷെരീഫ് എം.എ., എൽ.എൽ.ബി, ഡോക്ടർ അലക്സാണ്ടർ ജോസഫ് കോട്ടപ്പറമ്പൻ, ശ്രീ കെ കാന്തകുമാർ, ഡോക്ടർ എബ്രഹാം തയ്യിൽ, ഡോക്ടർ.ആർ.കെ.ഷേണായി, ശ്രീ.വി.രംഗനാഥ കമ്മത്ത്, ആർ.നാരായണപിള്ള, രാജനനവാദ്ധ്യാർ, ഡോക്ടർ കുഞ്ഞി ചാക്കോ, എം.ജേക്കബ് എന്നിവർ തഹസിൽദാർ മുമ്പാകെ നൽകിയ മൊഴിപ്രകാരം എൻ.വി. പ്രഭുവിന്റെ പരിശ്രമത്തിന്റെ ഫലമാണ് സ്വകാര്യമേഖലയിൽ ആലപ്പുഴയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമത്തിൽ AATTD യുടെ പ്രസിഡന്റായിരുന്ന കെ.നാഗേന്ദ്രപ്രഭു സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേലാണ് സ്വകാര്യ മേഖലയിൽ ആലപ്പുഴയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന പദ്ധതിക്ക് അനുമതി ലഭ്യമായത് എന്നതിനാൽ ( 30.8.1961 ലെ G.O(Rt)No. 3459/61/HD ഉത്തരവിലെ പരാമർശം) ആലപ്പുഴ മെഡിക്കൽ കോളേജി സ്ഥാപകൻ കെ. നാഗേന്ദ്രപ്രഭുവാണെന്നു തീർപ്പു കല്പിക്കുകയാണുണ്ടായത്.

(j).മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15.12.2013ലെ ബി 4/7874/2013 നമ്പർ കത്ത് പ്രകാരമാണ് ഛായാചിത്രം ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതിനും ലഘു ജീവചരിത്രം സുവർണ്ണ ജൂബിലി സുവനീറിൽ ഉൾപ്പെടുത്താനും അനുമതി നൽകിയിട്ടുള്ളത്. കൂടാതെ കെ.നാഗേന്ദ്ര പ്രഭുവിന്റെ മകനായ ഗോപിനാഥ പ്രഭുവിന്റെ നിവേദനത്തിലെ ആവശ്യപ്രകാരം ഉള്ള എൻഡോവ്മെന്റ് എല്ലാവർഷവും നൽകുന്നതിനുള്ള കോർപ്പസ് ഫണ്ട് സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും പ്രസ്തുത കത്തിൽ നിർദ്ദേശം നൽകിയതായി കാണുന്നു.

(k).2013 നു മുൻപ് മെഡിക്കൽ കോളേജിന്റെ വെബ് സൈറ്റിൽ എൻ.വി. പ്രഭുവിന്റെ പേര് പരാമർശിച്ചിട്ട് ഡ്രൈവിംഗ് ഫോഴ്സ് ഓഫ് ദി മെഡിക്കൽ കോളേജ് എന്ന രേഖപ്പെടുത്തിയിരുന്നു എന്നും എന്നാൽ കെ നാഗേന്ദ്രപ്രഭുവിന്റെ പേര് പരാമർശിക്കുന്നുണ്ടായിരുന്നില്ല എന്നും എന്നാൽ നിലവിൽ ഫൗണ്ടർ ഓഫ് ദി കോളേജ് എന്ന നിലയിൽ കെ.നാഗേന്ദ്ര പ്രഭുവിന്റെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ശ്രീ. വി. രാമചന്ദ്രനും ശ്രീ. വി. ഗിരീശനും അറിയിച്ചു. വെബ് സൈറ്റിന്റെ സ്ക്രീൻ ഷോട്ട് ഹാജരാക്കുകയുണ്ടായി

(l).റ്റി.ഡി മെഡിക്കൽ കോളേജ് ട്രസ്റ്റിന്റെ 30.7.1965ലെ മിനിറ്റിൽ തിരുമല ദേവസ്വത്തിന്റെ നിയന്ത്രണത്തിൽ തുടങ്ങിയ മെഡിക്കൽ കോളേജ് വളരെ വേഗം പുരോഗമിക്കുന്നുണ്ട് എന്നും എന്നാൽ ഇതൊരു പബ്ലിക് ട്രസ്റ്റ് ആക്കാൻ നിർബന്ധിതമായിരിക്കുന്നു എന്നും പരാമർശിക്കുന്നുണ്ട്. എൻ.വി. പ്രഭു പ്രസ്തുത ട്രസ്റ്റിന്റെ ട്രസ്റ്റിമാരിൽ ഒരാളായിരുന്നു. കൂടാതെ ആ യോഗം തിരഞ്ഞെടുത്ത മൂന്ന് മാനേജിംഗ് ട്രസ്റ്റിമാരിൽ ഒരാളും ട്രസ്റ്റിന്റെ ആദ്യ സെക്രട്ടറിയും ആയിരുന്നു. പ്രസ്തുത പബ്ലിക് ട്രസ്റ്റിന്റെ ബൈലോയിലെ ക്ലാസ് (5) പ്രകാരമാണ് സെക്രട്ടറിയെ അപ്പോയിന്റ് ചെയ്യുന്നത് എന്നും മിനിറ്റിൽ പരാമർശിക്കുന്നുണ്ട്. പബ്ലിക് ട്രസ്റ്റ് ആകയാൽ ആണ് വിവിധ ജാതിമതസ്ഥർ ഈ ട്രസ്റ്റിൽ അംഗങ്ങളായി വന്നിട്ടുള്ളത് എന്ന് കാണാവുന്നതാണ്. കോളേജിന് ലഭിക്കുന്ന ധാരാളം പോസ്റ്റൽ ഓർഡറുകൾ കൈകാര്യം ചെയ്യുന്നതിന് പോസ്റ്റൽ സേവിങ് അക്കൗണ്ട് തുടങ്ങുന്നത് സംബന്ധിച്ച് പരാമർശിക്കുന്നു അത് തുടങ്ങാനും ഓപ്പറേറ്റ് ചെയ്യാനും ശ്രീ എൻ വി പ്രഭുവിനെ ട്രസ്റ്റ് ചുമതലപ്പെടുത്തിയിട്ടുള്ളതായി മിനിറ്റിൽ കാണുന്നു. "The Chairman then stressed upon the need to maintain the public character of the trust, at the same time not failing to extend preferences to the Gaudasaraswatha Brahmin Community owners of the Tirumala Devaswam which first sponsored this medical College." എന്നും ടി മിനുട്സിൽ പരാമർശിച്ചിരിക്കുന്നു.

(m).ഇത്തരത്തിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിൽ ടിഡി മെഡിക്കൽ കോളേജ് ട്രസ്റ്റ് പരാജയപ്പെട്ട സാഹചര്യത്തിൽ, ട്രസ്റ്റിന്റെ തന്നെ അപേക്ഷ പ്രകാരം 17/10/1967 ൽ ട്രസ്റ്റുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ കോളേജിന്റെ നടത്തിപ്പ് 5 വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കുകയുണ്ടായി. പ്രസ്തുത താത്ക്കാലിക അറേഞ്ച്മെന്റ് കാലയളവിൽ കോളേജിന്റെ വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ ഏകദേശം 40 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി എന്നും പ്രസ്തുത തുക ഒടുക്കുവരുത്തിയാൽ കോളേജ് ട്രസ്റ്റിന് തിരികെ കൈമാറുന്നതാണെന്ന് അറിയിക്കുകയും ട്രസ്റ്റ് പ്രതിനിധികൾ, തിരുമല ദേവസ്വം പ്രതിനിധികൾ, കേരള കൾച്ചറൽ & എഡ്യൂക്കേഷണൽ സൊസൈറ്റി പ്രതിനിധികൾ എന്നിവരുമായി 10.04.1973 ഒരു യോഗം ചേരുകയും ചെയ്തുവെങ്കിലും തുക ഒടുക്കുവരുത്തുന്നതിനു കഴിയാത്ത സാഹചര്യത്തിലും ആയത് സംബന്ധിച്ച് TD മെഡിക്കൽ കോളേജ് ട്രസ്റ്റോ തിരുമല ദേവസ്വമോ കേരള കൾച്ചറൽ & എഡ്യൂക്കേഷണൽ സൊസൈറ്റിയോ മറുപടിയൊന്നും നൽകാത്ത സാഹചര്യത്തിലും 17/10/1972 പ്രാബല്യത്തിൽ ടി ഡി മെഡിക്കൽ കോളേജും അതുമായി ബന്ധപ്പെട്ട സ്ഥാവര ജംഗമ വസ്തുക്കളും സർക്കാരിൽ നിക്ഷിപ്തമാക്കി 23/10/1973ൽ G.O.(Ms) No.263/73/HD ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(n).TD മെഡിക്കൽ കോളേജ് ട്രസ്റ്റ് തിരുമല ദേവസ്വം കൾച്ചറൽ ആൻഡ് എജ്യുക്കേഷൻ

സൊസൈറ്റി എന്നിവയുടെ പ്രതിനിധികളുമായി, കോളേജ് തിരികെ നൽകുന്ന വിഷയത്തിൽ സർക്കാർതലത്തിൽ മീറ്റിംഗ് നടത്തി എന്നതിനർത്ഥം കോളേജ് നടത്തിപ്പിൽ, നിർമ്മാണം ഉൾപ്പടെ മൂന്ന് വിഭാഗത്തിനും പങ്കാളിത്തം ഉണ്ടായിരുന്നു എന്നതാണ്.

(o).മേൽ വസ്തുതകളിൽ നിന്നും കോളേജ് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയത് 1960 മുതൽക്കും ശിലാസ്ഥാപനം നടത്തിയത് 1963ലും ആണെന്നും ടി കേളേജിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചത് 1967 മുതൽ സർക്കാരിന്റെ നിയന്ത്രണത്തിലും ആണെന്നും കാണാവുന്നതാണ്. അതായത് ലഭ്യമായ വസ്തുതകൾ പ്രകാരം കോളേജിനുള്ള ആശയം ആരംഭിക്കുന്ന 1960 ൽ എൻ.വി. പ്രഭുവിന് ഏകദേശം 45 വയസ്സും കെ. നാഗേന്ദ്ര പ്രഭുവിന് ഏകദേശം 72 വയസ്സും പ്രായമുണ്ടായിരുന്നിരിക്കണം. കോളേജ് പൂർണമായും പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് 2/06/1965ൽ കെ. നാഗേന്ദ്ര പ്രഭ ക്യാൻസർ രോഗബാധ മൂലം മരണമടയുകയുണ്ടായി. നാഗേന്ദ്ര പ്രഭുവിന്റെ അനുജന്റെ മകനായിരുന്നു ശ്രീ എൻ.വി.പ്രഭ.

(p).മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളിൽ നിന്നും ഇത്തരത്തിൽ 1960ൽ കേരളത്തിൽ ആദ്യമായി സ്വകാര്യമേഖലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് പൗരപ്രമാണിയും ദശാബ്ദങ്ങളായി AATTDയുടെ പ്രസിഡന്റുമായിരുന്ന കെ.നാഗേന്ദ്ര പ്രഭുവിന്റെയും അനുജന്റെ മകനും പൗരപ്രമാണിയും ജേണലിസ്റ്റും കൗൺസിലറും ആയിരുന്ന ശ്രീ എൻ വി പ്രഭുവിന്റെ ആശയവും പ്രവർത്തനങ്ങളും ഉണ്ടായിരുന്നതായി കാണാവുന്നതാണ്.

(q).സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തന പരിചയമുള്ള ശക്തമായ ഒരു ഏജൻസിയുടെ ഉറപ്പ് ആവശ്യമാണെന്ന് സർക്കാർ അറിയിച്ചു എന്നതും യാഥാർത്ഥ്യമായിരിക്കാം. കാരണം അത്രയും ആസ്തിയും പരിചയവുമുള്ള ഒരു സ്ഥാപനത്തിന്റെ ചുമതലയിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ട് പോലും അത് പൂർണമാക്കുന്നതിനോ നന്നായി പരിപാലിക്കുന്നതിനോ ടി സ്ഥാപനത്തിന് കഴിഞ്ഞില്ല എന്നത് വസ്തുതയാണ്.

(r).ഈ മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് പൊതുജനങ്ങളിൽ നിന്നുള്ള ഫണ്ടും ഉപയോഗിച്ചിരിക്കാം. ടി.ഡി. മെഡിക്കൽ കോളേജ് ട്രസ്റ്റ് ഒരു പബ്ലിക് ട്രസ്റ്റ് ആയിരുന്നു എന്നതും ടി ട്രസ്റ്റും ആയിട്ടാണ് സർക്കാർ കരാറിൽ ഏർപ്പെട്ടിരുന്നത് എന്നതും ഇതിന്റെ തെളിവാണ്.

(s).കൂടാതെ ടി മെഡിക്കൽ കോളേജ് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് മുന്നോടിയായി സർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ ടി.ഡി.മെഡിക്കൽ കോളേജ് ട്രസ്റ്റ് പ്രതിനിധികൾ, തിരുമല ദേവസ്വം പ്രതിനിധികൾ, കേരള കൾച്ചറൽ ആൻഡ് എഡ്യൂക്കേഷണൽ സൊസൈറ്റി പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചിരുന്നതായും കാണുന്നു.

(t).തിരുമല ദേവസ്വത്തിന്റെ നേതൃത്വത്തിൽ പബ്ലിക്കിൽ നിന്നുള്ള ഫണ്ട്, സർക്കാർ ഗ്രാന്റ്, ദേവസ്വത്തിന്റെ തുക എന്നിവ ഉപയോഗിച്ച് ആണ് മെഡിക്കൽ കോളേജിന്റെ ആരംഭം എങ്കിലും

ടി കോളേജ് പ്രവർത്തനക്ഷമമാക്കുന്നതിന് 1967ന് ശേഷം സർക്കാർ ഭീമമായ തുക ചെലവഴിച്ചിട്ടുള്ളതായി ഏറ്റെടുക്കൽ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

(u).സ്വകാര്യ മേഖലയിൽ പ്രവർത്തനമാരംഭിക്കുന്നതിനു 1963-ൽ തറക്കല്ലിടുകയും ദേവസ്വം ഫണ്ടും സർക്കാർ ഗ്രാന്റും പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത തുകയും ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും 1967 മുതൽ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നതും 1967 മുതൽ 1972 വരെ മാത്രം 40 ലക്ഷം രൂപ സർക്കാർ മുതൽ മുതല്മുടക്കിയിട്ടുള്ളതും നിലവിൽ സർക്കാർ കോടിക്കണക്കിന് രൂപ മുതൽ മുടക്കിയിട്ടുള്ളതും സുസജ്ജവറും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നതുമായ ആലപ്പുഴ ടി ഡി മെഡിക്കൽ കോളേജിന്റെ വിഷയത്തിൽ, കേരളത്തിൽ ആദ്യമായി ഒരു സ്വകാര്യ മെഡിക്കൽ കോളേജ് ആരംഭിക്കുക എന്ന ആശയം ആരുടെ ബുദ്ധിയിലാണ് ആദ്യം ഉദിച്ചത് എന്ന് 64 വർഷത്തിനിപ്പുറം കണ്ടുപിടിക്കുക പ്രയാസകരമാണ്. ഇതിൽ സ്ഥാപകരായി പ്രഖ്യാപിക്കപ്പെടണം എന്ന് പിൻ തലമുറക്കാർ തർക്കിക്കുന്ന വ്യക്തികൾ രണ്ടുപേരും ഇന്ന് ജീവിച്ചിരിക്കുന്നില്ല. ഒരു ആശയം ആരുടെ ബുദ്ധിയിൽ ഉദയം ചെയ്തു എന്നതിനുവേണ്ടി പിൻ തലമുറക്കാർ നടത്തുന്ന തർക്കത്തിൽ ബഹു.കോടതിയുടെയും സർക്കാരിന്റെയും വിലപ്പെട്ട സമയവും പ്രയത്നവും ചെലവഴിക്കുന്നത് ഒരു വൃഥാവ്യായാമം ആണ്. ആശയം ആരുടേതായാലും പ്രസ്തുത മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാകുന്നതിനു ടി രണ്ടു വ്യക്തികൾ ഉൾപ്പെടെ നിരവധി സുമനസ്സുകളുടെ ധനവും പ്രയത്നവും കൂടാതെ സർക്കാർ പണവും ചെലവഴിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ആയതിനാൽ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന്റെ സ്ഥാപകനായി ഒരു വ്യക്തിയെ ഉയർത്തിക്കാട്ടുന്നത് അനുചിതമായി കാണുന്നു.

6. മേൽ വിവരിച്ച വസ്തുതകൾ സമഗ്രമായി പരിശോധിച്ചും, സ്വതന്ത്രമായി വിശകലനം നടത്തിയും താഴെ പറയുന്ന നിഗമനങ്ങളിൽ എത്താവുന്നതാണ്.

(i). മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 05.12.2013 ലെ കത്ത് പ്രകാരമാണ് കോളേജിന്റെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി ശ്രീ. നാഗേന്ദ്ര പ്രഭുവിന്റെ ഛായാചിത്രം സ്ഥാപിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ആലപ്പുഴ മെഡിക്കൽകോളേജ് പ്രിൻസിപ്പലിന് നിർദ്ദേശം നൽകിയത്. പ്രസ്തുത നിർദ്ദേശം 21.11.2013 -ലെ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നുവെന്നത് പ്രത്യേകം കാണേണ്ടതാണ്. വർഷങ്ങൾക്കുശേഷം വിവാദങ്ങൾ ഉടലെടുക്കുകയും ബന്ധുക്കൾ തമ്മിലുള്ള തർക്കമായി ഇത് പരിണമിക്കുകയും ചെയ്തു.

(ii) ചരിത്രത്തിൽ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും സ്വാഭാവികവും സർവ്വസാധാരണവുമാണ്. എന്നാൽ ചരിത്രത്തിലെ നിർദോഷകരമായ ശേഷിപ്പുകളെയും പ്രതീകങ്ങളെയും നിലനിർത്തേണ്ടതും ആദരിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ചരിത്രസ്മൃതികളുടെ ഉദാത്തമായ ശേഷിപ്പുകളെയും പ്രതീകങ്ങളെയും ഇല്ലാതാക്കുകയും, വികൃതമാക്കുകയും മാറ്റിമറിക്കുകയും ചെയ്യുന്ന വർത്തമാനകാലസാഹചര്യം നാം കാണാതിരുന്നുകൂടാ. ഇവിടെയാണ് ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ആവിർഭാവത്തിന് വഴിതെളിച്ച, ആശയം പ്രദാനം ചെയ്തതെന്ന് കരുതിപോന്ന ഒരു വ്യക്തിയുടെ, ഒരു ദശാബ്ദത്തിന് മുൻപ് സ്ഥാപിക്കപ്പെട്ട ഛായാചിത്രം നീക്കം ചെയ്യുന്നതിലെ അയുക്തി

വിചിന്തനത്തിന് വിധേയമാക്കേണ്ടത്.

(iii) ചരിത്രം എളുപ്പമായി പരിശോധിക്കേണ്ട ഒരു വിഷയമേയല്ല. ചരിത്രത്തിലെ സത്യാന്വേഷണങ്ങൾ ഒരു പരിധിക്കപ്പുറം പോകുമ്പോൾ അത് വികൃതരൂപം കൈകൊള്ളുകയും സമൂഹത്തിൽ വിപൽ സന്ദേശങ്ങൾ നൽകുകയും ചെയ്യും. ഇവിടെ ലഭ്യമായ ചരിത്രരേഖകളിൽ നിന്നുടലെടുക്കുന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് 2013-ൽ ശ്രീ. നാഗേന്ദ്ര പ്രഭുവിന്റെ ഛായാചിത്രം സ്ഥാപിക്കാൻ നിർദ്ദേശം ഉരുത്തിരിഞ്ഞത് എന്ന് കാണാം. ഇപ്പോൾ സ്ഥാപക സ്ഥാനത്തിന് ഒരു അവകാശി കൂടി ഉണ്ടായിരിക്കുന്നു. ഈ അവകാശവാദം ലഭ്യമായ ചരിത്രരേഖകളുടെയും വസ്തുതകളുടെയും വെളിച്ചത്തിൽ അടിസ്ഥാന രഹിതമെന്നും വിധിയെഴുതാൻ സാധിക്കുന്നതല്ല. എന്നാൽ വർഷങ്ങൾക്ക് മുമ്പ് സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്ഥാപിക്കപ്പെട്ട ഒരു ഛായാചിത്രം നീക്കം ചെയ്യാൻ സർക്കാർ തന്നെ തീരുമാനമെടുക്കുന്ന പക്ഷം പ്രസ്തുത നടപടി അനാവശ്യമായ വിവാദങ്ങളിലേക്ക് പോകുകയും ചരിത്രത്തിന്റെ ഉദാത്തമായ സങ്കൽപ്പങ്ങൾക്ക് മുറിവേൽക്കുകയും ചെയ്യും. എതിർകക്ഷി വിജയം അവകാശപ്പെടുന്ന സാഹചര്യം സംജാതമാവും. ചരിത്രത്തിൽ ആർക്കും അന്തിമമായ വിജയമോ പരാജയമോ ഉണ്ടാകുന്നില്ല. അതുകൊണ്ട് തന്നെ ഒരു ദശാബ്ദത്തിന് മുൻപ് സർക്കാർ തന്നെ സ്ഥാപിച്ച ഛായാചിത്രം മാറ്റുന്നത് അത്യധികം സംവേദാത്മകമായ ഒരു വിഷയമായി പരിണമിക്കും എന്നതിൽ സംശയമില്ല.

7. മേൽ വിവരിച്ച സാഹചര്യങ്ങളിൽ, ചുവടെ ചേർത്തിരിക്കുംപ്രകാരം സർക്കാർ ഉത്തരവാകുന്നു.

(i) 1967 മുതൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ശ്രീ. നാഗേന്ദ്ര പ്രഭുവിന്റെ ഛായാചിത്രം നിലനിർത്തികൊണ്ട് ശ്രീ എൻ .വി. പ്രഭുവിന്റെ ഒരു ഛായാചിത്രം കൂടി യോജിച്ച സ്ഥലത്ത് ഉചിതമായ ഒരു സന്ദർഭത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ii). ഭാവിയിൽ ഇത്തരം അവകാശവാദങ്ങൾ ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ഉന്നയിക്കുന്ന പക്ഷം യാതൊരുവിധ ചരിത്ര അന്വേഷണങ്ങളിലേക്കോ, നിഗമനങ്ങളിലേക്കോ സർക്കാർ കടക്കുന്നതല്ല.

(iii) കേരളത്തിലെ ഒരു സർക്കാർ മെഡിക്കൽ കോളേജിലും വ്യക്തികളുടെ നാമധേയമോ ക്യാമ്പസുകളിൽ അവരുടെ പ്രതിമയോ ഛായാചിത്രമോ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സ്ഥാപിക്കാൻ പാടുള്ളതല്ലെന്ന ഒരു പൊതുനയവും ഇതോടൊപ്പം പ്രഖ്യാപിക്കുന്നു.

8. W.A.1325/2024-ൽ ബഹു.ഹൈക്കോടതി 12/09/2024- ൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ

ശ്രീ.വി.രാമചന്ദ്രൻ, തോപ്പിൽ ഹൗസ്, മുല്ലക്കൽ വാർഡ്, അയൺ ബ്രിഡ്ജ് പി.ഒ, ആലപ്പുഴ-688011

ശ്രീ.വി.ഗിരീശൻ, തോപ്പിൽ ഹൗസ്, മുല്ലക്കൽ വാർഡ്, അയൺ ബ്രിഡ്ജ് പി.ഒ, ആലപ്പുഴ-688011

ശ്രീ.എൻ.ഗോപിനാഥ പ്രഭു (പ്രസിഡന്റ്, കെ.നാഗേന്ദ്ര പ്രഭു ഫൗണ്ടേഷൻ) തോപ്പിൽ ഹൗസ്, മുല്ലക്കൽ വാർഡ്, അയൺ ബ്രിഡ്ജ് പി.ഒ, ആലപ്പുഴ-688011

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, ഗവ.സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എസ് 1/216/2024/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 15-06-2025 21:31:43

സെക്ഷൻ ഓഫീസർ

പകർപ്പ് :

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി